**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റിയിൽ നിന്നും ശ്രീസി.പി.മോഹൻ എടുത്ത ഭവന വായ്പാ കുടിശ്ശികയുടെ പിഴപ്പലിശയും ഡിഫ്രൻഷ്യൽ ഇന്ററസ്റ്റും ഇളവ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 638/2021/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം,26/02/2021**

---

പരാമർശം:- 1. ശ്രീമതി പ്രസന്നാ മോഹൻ 04.05.2019 -ൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം

2. വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 18.07.2019, 04.12.2020 തീയതികളിലെ 39033/എൽ-11/ലോൺ/എച്ച്.ഐ.ജി/ജിസിഡിഎ നമ്പർ കത്തുകൾ.

3. നഗരകാര്യ ഡയറക്ടറുടെ 13.10.2020 -ലെ ഡിസി4/19608/19 നമ്പർ കത്ത്.

4. ശ്രീമതി പ്രസന്നാ മോഹന്റെ 12.02.2020 -ലെ അപേക്ഷ

-

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഭവന നിർമ്മാണ പദ്ധതിയിൽ നിന്നും HIG (Higher Income Group) ഭവന വായ്പ എടുത്തിരുന്ന ശ്രീ.സി.പി.മോഹൻ രോഗബാധിതനായി മരണപ്പെട്ടതിനെ തുടർന്ന് വായ്പാ തിരിച്ചടവിൽ നിലവിലുള്ള കുടിശ്ശികയിൽ നിന്നും പിഴപ്പലിശ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ശ്രീമതി പ്രസന്നാ മോഹൻ, W/o സി.പി.മോഹൻ (late), ലക്ഷ്മി, കളത്തിൽ പറമ്പ് ലെയ്ൻ, നോർത്ത് പറവൂർ, എറണാകുളം ജില്ല പരാമർശം (1) പ്രകാരം ബഹു.മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നു. പരാമർശം (2) പ്രകാരം ശ്രീ.സി.പി.മോഹന്റെ വായ്പാ കുടിശ്ശികയിൽ 50% പിഴപ്പലിശ ഇളവ് അനുവദിക്കാമെന്ന് വിശാല കൊച്ചി വികസന അതോറിറ്റി ശിപാർശ ചെയ്യുകയുണ്ടായി പരാമർശം (3) കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ പിഴപ്പലിശയും ഡിഫ്രൻഷ്യൽ ഇന്ററസ്റ്റും ഒഴിവാക്കി നല്കണമെന്നുള്ള പരാമർശം (4) ലെ അപേക്ഷ സർക്കാരിൽ അയച്ചുതരികയുണ്ടായി

(2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഭർത്താവ് രോഗബാധിതനായി മരണപ്പെട്ടതിനെ തുടർന്ന് മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാതായ അപേക്ഷക സമർപ്പിച്ച അപേക്ഷകൾ മാനുഷിക പരിഗണന അർഹിക്കുന്നതാകയാൽ ഇത് ഒരു പ്രത്യേക കേസായി കണക്കാക്കി വിശാല കൊച്ചി വികസന അതോറിറ്റിയിൽ ഇതുവരെ അടയ്ക്കാനുള്ള വായ്പാകുടിശ്ശിക തുകയിൽ നിന്നും പിഴപ്പലിശയും ഡിഫ്രൻഷ്യൽ ഇന്ററസ്റ്റും ഇളവ് ചെയ്ത് നൽകുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ജയശ്രീ എം.**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.
ശ്രീമതി പ്രസന്നാ മോഹൻ, W/o സി.പി.മോഹൻ (late), ലക്ഷ്മി, കളത്തിൽ പറമ്പ് ലെയ്ൻ, നോർത്ത് പറവൂർ, എറണാകുളം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ)/(ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

8